**AKSHARASURYA**
Peer-Reviewed, Multi Lingual E-Journal
Volume – 01, Issue – 03, December 2022.

**തെയ്യം :കല, അനുഷ്ഠാനം, സൗന്ദര്യശാസ്ത്രം**

**MADHURAJ.K**
S/O MADHAVAN NAIR V M
SUBBYAMOOLA HOUSE, CHENGALA P.O, CHERKALA<
KASARAGOD(DIST), KERALA
PIN: 671541
MAIL ID: madhurajk623@gmail.com
MOB: 7012680085

അതിസങ്കീർണമായ രൂപഭാവങ്ങൾ ഉൾക്കൊള്ളുന്ന ലോകത്തിലെതന്നെ അനുപമമായ അനുഷ്ഠാനകലയാണ് തെയ്യം. കേരളത്തിലെ വടക്കൻ ജില്ലകളായ കാസർഗോഡ്,കണ്ണൂർ തുടങ്ങിയ ജില്ലകളിലാണ് പ്രധാനമായും ഈ കലാരൂപം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. ഇവിടങ്ങളിലെ കാവുകളിലും, തറവാടുകളിലും, ക്ഷേത്രങ്ങളിലും, പാടത്തും, പറമ്പിലും വരെ തെയ്യക്കോലങ്ങൾ കെട്ടിയാടുന്നു. ദൈവരൂപത്തിൽ ഉറഞ്ഞാടുന്ന കോലങ്ങളാണ് തെയ്യങ്ങൾ എന്ന വിശേഷണവും ഈ കലാരൂപത്തിനുണ്ട്. മനുഷ്യർ തന്നെയാണ് തെയ്യം കെട്ടുന്നത്. എന്നാൽ കോലംകെട്ടി കഴിഞ്ഞ് ഉറഞ്ഞു കഴിഞ്ഞാൽ അയാളുടെ മനുഷ്യാവസ്ഥ ഇല്ലാതാകുന്നു.പകരം ദൈവചൈതന്യം അയാളിലേക്ക് പ്രവേശിക്കുന്നു എന്നാണ് വിശ്വാസം. വടക്കൻ കേരളത്തിലെ ജനസംസ്കാരവുമായി അഭേദ്യമായ ബന്ധം ഈ കലാരൂപത്തിനുണ്ട്. തുലാം പത്ത് പിറക്കുന്നതോടെയാണ് ഉത്തരമലബാറിലെ കാവുകളിൽ തെയ്യങ്ങൾക്കു തുടക്കമാകുന്നത്. മലബാറിലെ ആദ്യ തെയ്യമെന്ന വിശേഷണമുള്ള കണ്ണൂർ കൊളശ്ശേരി വിഷകണ്ഠൻ കാവിൽ ഇറങ്ങുന്നതോടെ ആറു മാസം നീണ്ടുനിൽക്കുന്ന തെയ്യക്കാലത്തിന് തുടക്കമാകുന്നു. അണിയലങ്ങളും മനയോലയും ഒരുക്കി ചെണ്ടവാർമുറുക്കി തെയ്യക്കാർ ഈ കാലയളവിൽ സജീവമാകുന്നു.നാല്പത് പ്രധാന തെയ്യങ്ങൾ അടക്കം നാന്നൂറോളം വ്യത്യസ്ത തെയ്യക്കോലങ്ങൾ ഉണ്ട് ഉത്തരകേരളത്തിൽ. ഓരോ തെയ്യക്കോലങ്ങൾക്കും വ്യത്യസ്ത തരം തിരുമുടിയും അണിയലങ്ങളും മുഖത്തെഴുത്തും എല്ലാമുണ്ടാകും. നിഗ്രഹിക്കുവാനും അനുഗ്രഹിക്കുവാനുമെല്ലാമുള്ള കഴിവ് തെയ്യങ്ങൾക്ക് ഉണ്ടെന്നാണ് പൊതുവെയുള്ള ജനവിശ്വാസം.

ആര്യാധിനിവേശത്തിന് കീഴ്പ്പെടാത്ത ദ്രാവിഡപ്പഴമയാണ് തെയ്യങ്ങൾ. പഴയങ്ങാടിപ്പുഴയ്ക്ക് വടക്കുഭാഗത്തേക്ക് കളിയാട്ടം എന്നും പഴയങ്ങാടി മുതൽ

വളപ്പട്ടണം വരെ തെയ്യംകെട്ട് എന്നും അൽപ വ്യത്യാസത്തോടെ അറിയപ്പെടുന്ന തെയ്യം നൃത്തം കൂടി ഉൾച്ചേർന്ന ദൈവസങ്കല്പം കൂടിയാണ്.തെയ്യം എന്ന ഈ വാക്ക് തന്നെ ദൈവം എന്നതിന്റെ തദ്ഭവമാണ്.ഈ നർത്തനത്തെ തെയ്യാട്ടം എന്ന് വിളിക്കുമ്പോൾ വേഷവിധാനത്തെ തെയ്യക്കോലം എന്നും വിളിക്കുന്നു. ദൈവീകാംശം നിറഞ്ഞ ഈ അനുഷ്ഠാനകലയിൽ മന്ത്രം, തന്ത്രം, കർമ്മം, വ്രതം എന്നീ അനുഷ്ഠാനങ്ങൾ പരസ്പരം ഇടകലർന്നു നിൽക്കുന്നതായി കാണുവാൻ സാധിക്കും.

**1.1 തെയ്യം : അനുഷ്ഠാനഘടന**

തെയ്യങ്ങളിലെ അനുഷ്ഠാനങ്ങളുടെ ഘടന ഇഴകീറി പരിശോധിച്ചാൽ ഈ അനുഷ്ഠാനങ്ങൾക്ക് ഒരു അനുക്രമം കാണുവാൻ സാധിക്കും.ഒരുപാട് ഘട്ടങ്ങളിലൂടെ മാനസികവും ശാരീരികവുമായ പരിപാകത്തിലൂടെ കടന്നുപോയാണ് ഒരു സാധാരണ മനുഷ്യൻ തെയ്യമായി പരിണമിക്കുന്നത്. ശാസ്ത്രീയമായി സംവിധാനം ചെയ്യപ്പെട്ട അനുഷ്ഠാന കലാസങ്കേതമല്ല ഇത്. എന്നാൽ കാലഭേദങ്ങൾക്കനുസരിച്ച് ഇതിന്റെ അവതരണത്തിന് ഒരു ഘടന കൈവന്നിട്ടുണ്ട്. ആംഗികം,സാത്വികം, വാചികം, ആഹാര്യം എന്നിങ്ങനെ ചിട്ടയാർന്ന കലാവതരണത്തിന്റെ എല്ലാ അംശങ്ങളും തെയ്യത്തിലുണ്ട്. എന്നാൽ ആരാധനാ പ്രധാനമായ 'കോലം'പെരുമ നേടുമ്പോൾ മറ്റെല്ലാം വിസ്മൃതമായി പോവുന്നു.'കൊടിയില വാങ്ങുക'എന്ന പ്രാരംഭ ചടങ്ങ് തൊട്ട് 'തിരുമുടി'അണിയുന്ന തുവരെയുള്ള ഒരുപാട് ഘട്ടങ്ങൾ അഭിമുഖീകരിച്ചാണ് ഒരാൾ തെയ്യമാവുക. ഈ സമയങ്ങളിൽ കോലധാരിയുടെ മനസ്സിലേക്ക് താൻ കെട്ടിയാടേണ്ട തെയ്യത്തിന്റെ സങ്കല്പങ്ങൾ ഉരുത്തിരിഞ്ഞു വരണം. ഈ പ്രക്രിയയുടെ ആദ്യഘട്ടം വ്രതനിഷ്ഠയാണ്. കല്പിതമായ ദിവസങ്ങൾ വ്രതമനുഷ്ഠിച്ചതിനു ശേഷം മാത്രമാണ് ഒരു കോലധാരി തെയ്യാട്ട കേന്ദ്രത്തിലെത്തി മുഖത്തെഴുത്തണിയുക. തെയ്യം കെട്ടുന്നതിനു തലേദിവസം ആ തെയ്യത്തിന്റെ തോറ്റം കോലധാരി ആകേണ്ട

ആൾ ചുവന്ന പട്ടുടുത്ത്, തലയിലും പട്ടണിഞ്ഞ്, ഇരിപ്പിടത്തിൽ ചെണ്ട വെച്ച് അതിൽ കൊട്ടി ചൊല്ലുന്നു. ഇത് 'തോറ്റം ചൊല്ലൽ'അല്ലെങ്കിൽ 'തുടങ്ങൽ'എന്ന പേരിലൊക്കെ അറിയപ്പെടുന്നു. എന്നാൽ വിഷ്ണുമൂർത്തിപ്പോലുള്ള തെയ്യങ്ങൾക്ക് തലേദിവസം 'മോന്തിക്കോലം'എന്നൊരു കെട്ടിയാടൽ കൂടി ഉണ്ടാകാറുണ്ട്. വയനാട്ടുകുലവൻ തെയ്യം കെട്ട് നടക്കുന്ന ഇടങ്ങളിൽ അവിടുത്തെ മിക്ക തെയ്യങ്ങളും കെട്ടിയാടുന്ന വണ്ണാന്മാരുടെ ഇടയിൽ അവരുടെ ഓരോ തെയ്യത്തിനും 'തോറ്റം ചൊല്ലൽ' കൂടാതെ 'വെള്ളാട്ടം' എന്ന കെട്ടിയാടൽ കൂടി ഉണ്ടാകും.ഈ കെട്ടിയാടലും തെയ്യം തന്നെയാണ്. തെയ്യാട്ട കേന്ദ്രങ്ങളിൽ എത്തി വ്രതമെടുത്ത് വന്ന കോലധാരി ആകേണ്ട ആൾ അരിചാർത്തി മുഖത്തെഴുതി ആടയാഭരണങ്ങളണിഞ്ഞ് ദേവസ്ഥാനത്തെത്തി ആദ്യം സാമ്പ്രദായിക ആട്ടം ആടുന്നു. ഈ ആട്ടത്തിലൂടെ സദസ്യർക്ക് തെയ്യത്തിലേക്ക് എത്തിച്ചേരുവാൻ മാനസികമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്. അതേസമയം തന്റെ ശരീര ബോധം ക്രമേണ മറന്നുപോകുന്ന കോലധാരി ദൈവീക ഭാവത്തിന്റെ മൂർത്ത ഭാവത്തിലേക്ക് എത്തുന്നു. ശേഷം അതിപ്രധാനമായ താന്ത്രിക കർമ്മങ്ങൾ നടക്കുന്നു. കോഴികളെ ബലികൊടുത്ത് 'കുരിശും വെള്ളം കലക്കുക'എന്ന ചടങ്ങും നടക്കുന്നു. അതിനൊപ്പം തന്നെയാണ് തെയ്യത്തിനു ഉള്ള നൈവേദ്യ സമർപ്പണവും. അവിലും മലരും വെല്ലവും(ശർക്കര) ഇളനീരും ആണ് നൈവേദ്യത്തിൽ. കൂടാതെ കുറച്ച് ചോറും ഉണ്ടാകും. അത്യന്തം നിഗൂഢവും അതിപൗരാണികവുമായ താന്ത്രിക കർമ്മത്തിനുശേഷം തോറ്റം ആണ്. സ്തുതിയായും ധ്യാനമായുമൊക്കെ തോറ്റം അറിയപ്പെടുന്നു. ഈ തോറ്റം ചൊല്ലുന്ന സമയത്ത് അതാത് ദേവതയുമായി കോലധാരി ഐക്യപ്പെടുന്നു. ഇതാണ് കൂടിച്ചേരൽ അഥവാ യോഗം. ഈ പ്രക്രിയ നടന്നു കഴിഞ്ഞാൽ പിന്നെയവിടെ കോലമോ കോലധാരിയോ ഇല്ല. പകരം തെയ്യം മാത്രം. തെയ്യം എന്ന പൂർണ്ണതയിൽ എത്തിച്ചേർന്നാൽ ആ രൂപം ദൈവീകവും ആ കോലധാരിയിൽ നിന്നുള്ള അരുളപ്പാടുകൾ ദൈവവചനങ്ങളായും മാറുന്നു. തോറ്റത്തിന് മുന്നോടിയായി നടക്കുന്ന താന്ത്രിക കർമ്മങ്ങൾ പഞ്ചഭൂതാരാധനയാണ്.

ഒരു പൂജാരി ശ്രീകോവിലിനുള്ളിൽ വച്ച് നടത്തുന്ന ദീപം,ധൂപം , ഗന്ധം,പുഷ്പം ജലം എന്നിവ ഉപയോഗിച്ച് നടത്തുന്ന പഞ്ചോപചാരപൂജ തന്നെയാണ് തെയ്യാട്ടകേന്ദ്രങ്ങളിലെ പീഠത്തിൽ വച്ച് കോലധാരിയും അനുഷ്ഠിക്കുന്നത്. എന്നാൽ ഇവിടെ ആദ്യത്തെ രീതിയിൽ നിന്നും വ്യത്യാസമുണ്ട്. ഇവിടെ ദീപമായി കുത്തുവിളക്ക് ദീപവും, രൂപമായി കരിന്തിരിപ്പുകയും, ഗന്ധമായി ചന്ദനവും, പുഷ്പമായി തുളസിയും, ഉപയോഗിച്ച് ദൈവീകതയെ തന്നിലേക്ക് കോലധാരി ആവാഹിക്കുകയാണ് ചെയ്യുന്നത്. തെയ്യത്തിന്റെ പൊതുവേയുള്ള അനുഷ്ഠാന ഘടനയാണ് ഇവിടെ വിശദീകരിച്ചത്. ഓരോ തെയ്യത്തിന്റെ പ്രത്യേകത അനുസരിച്ച് തെയ്യം കെട്ടിയാടിക്കുന്ന സമുദായ ഭേദമനുസരിച്ച് അനുഷ്ഠാനങ്ങളിൽ വ്യത്യാസം വരാം. എങ്കിലും തെയ്യം കെട്ടുന്നയാൾ ദൈവമായി പരിണമിക്കുന്ന അനുഷ്ഠാനഘടന എല്ലാ തെയ്യത്തിലും ഒരുപോലെയാണ്. ഈ അനുഷ്ഠാനാത്മകവും ദൈവീകവുമായ പരിവേഷമാണ് തെയ്യത്തെ അത്ഭുതകരമായ ഒരു അനുഷ്ഠാന കലയാക്കി തീർക്കുന്നതെന്നു പറയാം.

**1.2 തെയ്യം :പുരാവൃത്തം**

എല്ലാ അനുഷ്ഠാനങ്ങൾക്കു പിന്നിലും മിത്ത് അഥവാ പുരാവൃത്തമുണ്ട്.'മിത്തിന്റെ ആഖ്യാനമാണ് അനുഷ്ഠാനം' എന്ന് എ ബി മലിനോവ്സ്കി(A.B Malinovsky) പറഞ്ഞിട്ടുണ്ട്. തെയ്യം പുരാവൃത്തങ്ങൾക്കു പിന്നിൽ ഗതകാല സമൂഹത്തിന്റെ അവസ്ഥകൾ പ്രതീകാത്മകമായി പ്രതിഫലിക്കുന്നുണ്ട്. ഒരു അനുഷ്ഠാനകല എന്നതിലുപരി വടക്കൻ കേരളത്തിലെ നാടൻ കലാരൂപം കൂടിയായ തെയ്യങ്ങളുടെ പുരാവൃത്തം വളരെയേറെ കൗതുകം ജനിപ്പിക്കുന്നതാണ്.

ഓരോ തെയ്യത്തിനും പുരാവൃത്തം വ്യത്യസ്തമാണ്. അമ്മ ദൈവങ്ങൾ, ഗ്രാമ ദൈവങ്ങൾ, പടവീരൻമാർ, മൃഗദൈവങ്ങൾ, നാഗദേവതകൾ, മൺമറഞ്ഞ

വീരപരാക്രമികൾ പീഡനത്തിന് ഇരയായവർ, പുരാണകഥാപാത്രങ്ങൾ, വൈഷ്ണവ -ശൈവ മൂർത്തികൾ എന്നിങ്ങനെ തുടങ്ങി പലതരത്തിലുള്ള വർഗ്ഗീകരണം തെയ്യങ്ങളിൽ സാധ്യമാണ്. കാളി സങ്കല്പമാണ് അമ്മ ദൈവങ്ങൾക്ക് പിന്നിലുള്ളത്.തെയ്യങ്ങളിലധികവും അമ്മ ദൈവങ്ങളാണ്. ഭഗവതി, കാളി, ചാമുണ്ഡി എന്നീ പേരുകളിലാണ് ഈ ദേവതമാർ അറിയപ്പെടുന്നത്. ഒരേ ദേവത തന്നെ വിവിധ ഇടങ്ങളിൽ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നു. ദേവതകളുടെ പിറവി, സഞ്ചാരം,വീരമരക്കല യാത്ര,മാന്ത്രികരുമായുള്ള ശക്തി പരീക്ഷ, ദേവതകളുടെ ഭരണം, അവരുടെ മാനുഷികത, വീരനായാട്ട്, ദിവ്യായുധങ്ങൾ, വീരക്കോട്ടകൾ തുടങ്ങിയ ഘടകങ്ങൾ ഉൾക്കൊണ്ടതാണ് ദേവതകളുടെ പുരാവൃത്തങ്ങൾ[1]. ഇതിഹാസ പുരാണ കഥാപാത്രങ്ങളായ തെയ്യങ്ങളുടെ പശ്ചാത്തലമായ പുരാവൃത്തങ്ങൾ പ്രഖ്യാത ചരിത്രങ്ങളിൽ നിന്ന് വ്യത്യാസപ്പെട്ടും സങ്കീർണമായും കാണാറുണ്ട്. ക്ഷേത്രപാലകൻ, വൈരജാതൻ, ചാമുണ്ഡി, വേട്ടയ്ക്കൊരുമകൻ തുടങ്ങിയ തെയ്യങ്ങളുടെ മിത്തുകൾ അതിനുദാഹരണമാണ്. പുരാവൃത്തങ്ങളിൽ മൃഗങ്ങൾക്കും സ്ഥാനമുണ്ട്. പ്രാകൃത വർഗക്കാർക്കിടയിൽ പലപ്പോഴും വീരൻ മൃഗ രൂപത്തിലായിരിക്കും. മൃഗരൂപത്തിലാണെങ്കിലും മനുഷ്യരെപ്പോലെ പ്രവർത്തിക്കാൻ കഴിയുന്ന ഇത്തരം തെയ്യത്തിനുദാഹരണമാണ് പുലയരുടെ ആരാധനാപാത്രമായ 'പുലിമറഞ്ഞ തൊണ്ടച്ചൻ'.

തെയ്യങ്ങളിൽ നല്ലൊരു ഭാഗം രണ ദേവതകളും പടവീരന്മാരുമാണ്. ദിവ്യതയുള്ള വ്യക്തികളെയും അർദ്ധ ദൈവികതയുള്ള വീരന്മാരെയും കുറിച്ചുള്ള ചരിത്രങ്ങൾ പുരാവൃത്തമായി തീർന്നിരുന്നു. പരിശുദ്ധ കളായ സ്ത്രീരത്നങ്ങളും വീരന്മാരായ പുരുഷകേസരികളും മരണാനന്തരം ദേവതകളായി മാറിയിട്ടുള്ളതിന് ധാരാളം ഉദാഹരണങ്ങൾ തെയ്യത്തിൽ കാണുവാൻ സാധിക്കും. വീരന്മാരും പരിശുദ്ധാത്മാക്കളും അർദ്ധ ദൈവിക ശക്തികളും ദൈവങ്ങളുടെ അലൗകിക ശക്തിയുള്ളവരാണെന്നാണ് പൊതുവേയുള്ള വിശ്വാസം. മൺമറഞ്ഞ പൂർവികരുടെ

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ഒരുതരം പുരാവൃത്തങ്ങൾ(ഇസ് ക്കാടോലോജിക്കൽ മിത്ത്) വീര പുരാവൃത്തങ്ങളിൽപ്പെടുന്നുണ്ട്[2]. ഐതിഹ്യ പുരാവൃത്തങ്ങളുടെ കൂട്ടത്തിൽ ചരിതങ്ങൾ വരുന്ന തെയ്യങ്ങളാണ് കടാങ്കോട്ട് മാക്കം, മുച്ചിലോട്ട് ഭഗവതി, മനയിൽ ഭഗവതി, തോട്ടുംകര ഭഗവതി, വിഷകണ്ഠൻ കുരുക്കൾ തുടങ്ങിയവ.സംസ്കാരത്തിന്റെ ഉപലബ്ധിയെന്ന നിലയിൽ തെയ്യം എന്ന അനുഷ്ഠാനകലാ സംസ്കാരത്തിലും പുരാസങ്കല്പങ്ങൾക്ക് (പുരാവൃത്തങ്ങൾക്ക്) സവിശേഷ പ്രാധാന്യമാണുള്ളത്. ഇത്തരം പുരാവൃത്തങ്ങളുടെ രൂപീകരണം പ്രാക്തന ജനസമൂഹത്തിന്റെ സഹജസ്വഭാവം കൂടിയാണ്. പ്രാക്തന കാലത്തെ ആവക സങ്കല്പങ്ങൾ കാലഘട്ടത്തിലൂടെ കടന്നു വരുന്നതും തെയ്യത്തിൽ കാണാം. അനുഷ്ഠാനത്തിന്റെ അനുകരണമാണ് പുരാവൃത്തങ്ങൾ എന്ന് നരവംശ ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രാക്തന സംസ്കാര ചിന്താമണ്ഡലത്തിന്റെ സംഭാവനയായ നാടൻ പുരാവൃത്തങ്ങളുടെ (മിത്തോളജി) ഒരു സഞ്ചിത രൂപം തെയ്യങ്ങൾ കാഴ്ചവയ്ക്കുന്നു. തെയ്യങ്ങളുടെ പിന്നിലെ പുരാവൃത്തങ്ങൾ നരവംശ പരിണാമത്തിന്റെയും അധികാര ബന്ധങ്ങളുടെയും അവസ്ഥയെക്കുറിച്ചുള്ള പ്രതീകാത്മക കഥകളാണ് എന്ന് പറയാം.

### 1.3 സാംസ്കാരികചരിത്രം

ഒരു അനുഷ്ഠാന കല എന്നതിലുപരി തെയ്യക്കോലങ്ങൾ വടക്കൻ കേരളത്തിലെ നാടൻ കലാരൂപം കൂടിയാണ്. എഴുതപ്പെട്ട ചരിത്രത്തിലെ പിൻബലത്തോടെ തെയ്യത്തെ വ്യാഖ്യാനിക്കുക എളുപ്പമല്ല. കോലത്തുനാട് അധിനിവേശത്തിന്റെ ആദ്യ ഭൂമിയായിരുന്ന സമയത്ത് അള്ളടത്തുസ്വരൂപവും അതിന്റെ ആസ്ഥാനമായി നീലേശ്വരത്ത് രാജകൊട്ടാരവും കോലത്തിരി സ്ഥാപിക്കുകയും ചെയ്തതോടെയാണ് തെയ്യം അതിന്റെ സാംസ്കാരികമായ വളർച്ചയിലേക്ക് എത്തിയത്. സങ്കേതപരമായ ഒരു ക്ലാസിക് കലയുടെ ചിട്ടവട്ടങ്ങൾ പോലെ സങ്കീർണമാണ് തെയ്യത്തിന്റെ അനുഷ്ഠാന വിധികൾ. മറ്റേത് ക്ലാസിക്കൽ

കലാരൂപത്തിനും കൃത്യമായ ഒരു രചിത പാഠമുണ്ടായിരിക്കും.അതിനെ ആധാരമാക്കിയാണ് അരങ്ങിലെ അവരുടെ പ്രകടനം. അരങ്ങുകൾക്കനുസരിച്ച് അവതരണങ്ങൾ മാറില്ല. എന്നാൽ തെയ്യം ഓരോ സ്ഥലത്തും ഓരോന്നാണ്. ഒരേ തെയ്യം തന്നെ അടുത്തടുത്ത തെയ്യാട്ട കേന്ദ്രങ്ങളിൽ കെട്ടിയാടുമ്പോൾ വ്യത്യസ്തമാകുന്നു. ആഹാര്യമായി മാറ്റങ്ങളൊന്നും ഉണ്ടാകില്ലെന്ന് മാത്രം. ഓരോ തെയ്യാട്ടകേന്ദ്രങ്ങളും വ്യത്യസ്ത ജാതിക്കാരുടെ കീഴിലാകുമ്പോൾ അവിടുത്തെ ആചാരങ്ങളും സമ്പ്രദായങ്ങളും തമ്മിൽ വ്യത്യസ്തത ദർശിക്കാൻ സാധിക്കും. തെയ്യം മറ്റെല്ലാ അവതരണങ്ങളിൽ നിന്നും പലതുകൊണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നു.തെയ്യാവതരണത്തിനു മുമ്പ് 'റിഹേഴ്സൽ' എന്നൊരു സാധ്യത ഇല്ലെന്നത് ശ്രദ്ധേയമാണ്.

പാട്ട്, ആട്ടം, അഭിനയം, താളം, നൃത്തം,സംഭാഷണം, ചിത്രമെഴുത്ത്, കൈവേല,ശില്പശാല, കളരി, ആയോധനമുറകൾ, തുടങ്ങിയവയുടെ സമഗ്രതയും പൂർണതയുമാണ് തെയ്യം. ഓരോ കോലക്കാരനിലും ഈ സമഗ്രത കാണുവാൻ സാധിക്കും. കേരളോൽപ്പത്തി പ്രകാരം പരശുരാമനാണ് കളിയാട്ടം,പുറവേല, തെയ്യം എന്നിവ സൃഷ്ടിച്ചതെന്നാണ് ഐതിഹ്യം.അദ്ദേഹം തെയ്യം കെട്ടാനുള്ള അനുവാദം പാണൻ, വേലൻ, വണ്ണാൻ എന്നീ ജാതിക്കാർക്ക് കൽപ്പിച്ചു കൊടുത്തു.[3] പ്രധാനമായും തെയ്യം കെട്ടി വരുന്നത് വണ്ണാൻ, മലയൻ, കോപ്പാളൻ, അഞ്ഞൂറ്റാൻ, മുന്നൂറ്റാൻ, വേലൻ, ചിങ്കത്താൻ, മാവിലൻ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരാണ്. ആചാരപ്രകാരം അവകാശപ്പെട്ട വിഭാഗങ്ങൾ അല്ലാതെ മറ്റ് സമുദായങ്ങൾ തെയ്യം കെട്ടുകയില്ല. ഇന്നത്തെ ജാതി വ്യവസ്ഥയിൽ താഴ്ന്നവരാണ് തെയ്യം കെട്ടുന്ന പല വിഭാഗങ്ങളും. വിപുലമായ രീതിയിൽ ക്ഷേത്രവൽക്കരണങ്ങൾ ഉണ്ടെങ്കിൽ കൂടിയും തെയ്യത്തിന്റെ ദേവസ്ഥാനങ്ങൾ പോലും ഇപ്പോഴത്തെ താഴ്ന്ന വിഭാഗത്തിന്റേതാണെന്ന് കൂടി പരിഗണിക്കുമ്പോൾ തെയ്യം എന്ന അനുഷ്ഠാനം ആര്യ ബ്രാഹ്മണ്യവൽക്കരണത്തിന് കീഴ്പ്പെട്ടിട്ടില്ല എന്ന് മനസ്സിലാക്കാം.

ബ്രാഹ്മണ്യത്തെ വെല്ലുവിളിക്കുന്നതും എന്നാൽ, മലബാറിലെ മതസൗഹാർദത്തിന്റെ ഉത്തമ ഉദാഹരണങ്ങളും ആണ് മുക്രി തെയ്യം,ആലി തെയ്യം, ഉമ്മച്ചി തെയ്യം തുടങ്ങിയ മാപ്പിള തെയ്യങ്ങൾ. കലയും അനുഷ്ടാനവും വിശ്വാസവും എല്ലാം കൂടിചേർന്ന തെയ്യം കാലോചിതമായ മാറ്റങ്ങളും അനിവാര്യമായ കൂട്ടിച്ചേർക്കലുകളും ഉൾക്കൊണ്ടുകൊണ്ട് എന്നാൽ അതിന്റെ സത്ത നഷ്ടപ്പെടാതെ തന്നെ ഒരു നാടിന്റെ സാംസ്കാരിക ഉത്സവമായി വളർന്നുകൊണ്ടിരിക്കുന്നു.

**1.4 തെയ്യം -സാമൂഹികപശ്ചാത്തലം**

തെയ്യം വടക്കൻ കേരളത്തിലെ സമാനതകളില്ലാത്ത ഒരു അനുഷ്ഠാനകലയാണ്. ജാതി മത വർഗ്ഗ വർണ്ണ ഭേദമന്യേ ഓരോ വടക്കന്റെയും പ്രാണ വായുവാണിത്. അതിൽ ഭക്തിയും വിശ്വാസവും, കലയും കാലവും, സമൂഹവും ചരിത്രവും, പ്രകൃതിയും പ്രാകൃതവും സമന്വയിക്കുന്നു. ഇവിടുത്തെ ജനതയുടെ ജീവിത സംസ്കാരങ്ങളെ നിയന്ത്രിച്ചുപോരുന്നത് തെയ്യവും തെയ്യക്കാവുകളുമാണ്. സമുദായ അംഗങ്ങൾ തമ്മിലുള്ള വഴക്കുകൾ, അവകാശത്തർക്കങ്ങൾ, അസാന്മാർഗിക പ്രശ്നങ്ങൾ, കുടുംബ പ്രശ്നങ്ങൾ,മോഷണം,വ്യഭിചാരം തുടങ്ങിയവയെല്ലാം ഇത്തരം തെയ്യ സാന്നിധ്യമുള്ള തെയ്യക്കാവിന്റെ തിരുനടയിൽ വച്ചാണ് പഴയ കാലത്ത് തീർപ്പ് കല്പിച്ചിരുന്നത്. ദൈവത്തിന്റെ പേരിൽ കൽപ്പിക്കപ്പെടുന്ന തീർപ്പുകൾ അംഗങ്ങൾ അക്ഷരം പ്രതി അംഗീകരിക്കും. അതിന് പ്രേരിപ്പിക്കുന്നത് രണ്ട് കാരണങ്ങളാണ്.ഒന്ന്, ദൈവനിന്ദയുണ്ടാകുമെന്ന ഭയം, രണ്ടാമത്തേത് തീരുമാനലംഘനം സമുദായ ഭ്രഷ്ടിന് ഇടയാക്കുമെന്ന ഉൽകണ്ഠ. ജനായത്ത സംവിധാനവും നീതി നിർവ്വഹണവും നിയമപാലനസംവിധാനങ്ങളും നിലവിൽ വരുന്നതിന് മുമ്പ് ഉത്തരം തെയ്യക്കാവുകൾ അതിപ്രധാനമായ അധികാര കേന്ദ്രങ്ങളായിരുന്നു. ഭക്തന്റെ വിളിപ്പുറത്ത് ഓടിഎത്തിയതും ദുഷ്ടത കാട്ടിയവനെ നൊടിനേരം കൊണ്ട് നടുനിരത്തി കിടപ്പിലാക്കിയതുമായ തെയ്യം കഥകളെത്രയോ

കേട്ടുവളർന്ന ബാല്യകൗമാരങ്ങളുടെ ജ്വലിക്കുന്ന ഓർമ്മകൾ പേറുന്ന ജനാവിഭാഗമാണ് ഇവിടെയധികവും. ഈ ദൈവഭയമാണ് ഉത്തരകേരളീയനെ സദാചാരനിരതനും ധർമ്മനിരതനുമാക്കി മാറ്റുവാൻ പ്രേരിപ്പിച്ചത്.

ജാത്യാചാര ചിന്തകൾ വെടിഞ്ഞ്, മനുഷ്യരെല്ലാം ഏകോദര സഹോദരന്മാരാണെന്ന ബോധം അങ്കുരിപ്പിക്കാനും സഹാനുഭൂതി, പരസ്പരസഹകരണം, അഗതിസംരക്ഷണശീലം തുടങ്ങിയ മഹിതമായ ചിന്തകൾ വളർത്തിയെടുക്കാനും ഉത്തരം കാവുകൾക്ക് കഴിഞ്ഞു. കാവുകൾ ഓരോന്നും ഓരോ ജാതിസമൂഹത്തിന്റേതാണെങ്കിലും ഗ്രാമത്തിലെ നാനാജാതികളുടെയും കൂട്ടായ്മ തെയ്യാട്ടവേളയിലും വിശേഷാവസരങ്ങളിലും അവിടെ അനിവാര്യമാകുന്നു. കാവിലെ ശുദ്ധികർമ്മങ്ങൾക്കധിക്കാരി ബ്രഹ്മണനാണ്. പീഠമൊരുക്കുവാനും പന്തൽമണിക്കുള്ള മരമൊരുക്കാനും ജന്മാശാരിയെത്തും. പള്ളിവാളും ഇടത്തും കൈവിളക്കും മറ്റും തീർക്കാനും കടഞ്ഞൊരുക്കാനും പെരുകൊല്ലൻ വേണം. ഓട്ടുരുക്കൾ തയ്യാറാക്കാൻ മൂശാരി വരണം. കലശമൊരുക്കാൻ തിയ്യനും എണ്ണ എത്തിക്കാൻ വാണിയനും മാറ്റുതുണിഎത്തിക്കാൻ വെളുത്തേടനും സ്വർണ്ണം വിളക്കാൻ തട്ടാനും മുഹൂർത്തം കുറിക്കാനും ആചാരക്കുട സമർപ്പിക്കാനും കണിയാരും കാവിലെത്തും. രക്ഷാധികാരികളായി നായർ, നമ്പ്യാർ, പൊതുവാൾ തുടങ്ങിയവർ സന്നിഹിതരാകുന്ന തെയ്യക്കാവിലേക്ക് ആവശ്യമായ തഴപ്പായകൾ കാഴ്ചവെക്കുന്നത് പുലയരാണ്. കാസറഗോഡ് ജില്ലയിലെ ചില കാവുകളിലേക്ക് തെയ്യാട്ടത്തിനുള്ള വെറ്റിലടക്ക നൽകുന്നത് മുസ്ലിം തറവാട്ടുകാരാണ്. സൂക്ഷ്മവിശകലനത്തിൽ നാനാജാതിമതസ്ഥരുടെ സ്നേഹസമ്മിളിതമായ കൂട്ടായ്മയാണ് ഇത്തരം തെയ്യകാവുകളെന്ന് മനസ്സിലാക്കാം. ഇത്തരം തെയ്യക്കാവുകളും തെയ്യാചാരനുഷ്ഠാന ക്രമങ്ങൾ യഥാർത്ഥത്തിൽ അതതു നാട്ടുകാരുടെ മാനസികവും ശാരീരികവുമായ ക്ലേശങ്ങൾ അകറ്റി ആത്മധൈര്യവും

AKSHARASURYA
Peer-Reviewed, Multi Lingual E-Journal
Volume – 01, Issue – 03, December 2022.

സദാചാരബോധവും വളർത്തി ധാർമിക ജീവിതം നയിക്കാൻ സമൂഹത്തെ പ്രാപ്തമാക്കുന്നു.

**1.5 ആരാധനാവൈവിധ്യം**

ആരാധനാവൈവിധ്യത്താൽ സമ്പന്നമാണ് തെയ്യം എന്ന കലാരൂപം. വൃക്ഷാരാധന, പ്രേതാരാധന, വീരാരാധന തുടങ്ങി നിരവധി ആരാധനാരീതികൾ ഈ അനുഷ്ഠാനകലയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആട്ടവും, തോറ്റവും, സ്വരൂപവും, സ്വഭാവവും, കർമ്മവും വിഭിന്നമായതിന്റെ അടിസ്ഥാനത്തിൽ തെയ്യങ്ങളെ തരം തിരിക്കാൻ സാധിക്കും. യുദ്ധദേവതമാരും, രോഗദേവതകളും മന്ത്രമൂർത്തികളും വീരയോദ്ധാക്കളായ ദേവതകളുമൊക്കെ തെയ്യങ്ങളുടെ കൂട്ടത്തിലുണ്ട്.

**1.5.1 അമ്മദൈവങ്ങൾ :**

കാളിസങ്കല്പങ്ങളാണ് മിക്ക അമ്മ ദൈവങ്ങൾക്കും പിന്നിലുള്ളത്. തെയ്യങ്ങളിലധികവും അമ്മ ദൈവങ്ങളാണ്. ഭഗവതി, ചാമുണ്ഡി, കാളി എന്നീ പൊതു പേരുകളിൽ ഈ ദേവതമാർ അറിയപ്പെടുന്നു. ഒരേ ദേവത തന്നെ പല പേരുകളിൽ പല ദേശങ്ങളിൽ അറിയപ്പെടുന്നു. അമ്മദൈവങ്ങളിൽ പ്രധാനം 'തിരുവർകാട്ടമ്മ'യാണ് . കോലമന്നന്റെ 'സ്വരൂപദേവത 'കൂടിയാണത്.[4]

രോഗദേവതാസങ്കൽപ്പവും തെയ്യാട്ടങ്ങളിൽ നിലനിൽക്കുന്നുണ്ട്. ചില ദേവതകൾ രോഗം വിതയ്ക്കുന്നവരാണെങ്കിൽ മറ്റു ചില ദേവതകൾ രോഗശമനം നടത്തുന്നവരാണ്. രോഗം വിതയ്ക്കുന്ന തെയ്യങ്ങൾക്കുദാഹരണങ്ങളാണ് മൂത്ത ഭഗവതിയും ഇളയ ഭഗവതിയും. വസൂരിമാല മറ്റൊരു രോഗദേവതയാണ്. ശരീരത്തിലെ ചൊറിച്ചിലും മറ്റും മാറ്റുന്ന ദേവതയാണ് തൂവക്കാളിയമ്മ.

### 1.5.2 മരണത്തിനുശേഷം ദൈവമായവർ :

മനുഷ്യരായി പിറന്ന് മരണത്തിനുശേഷം തെയ്യങ്ങളായി മാറിയവർ അനവധിയാണ്. അറിവിലും ജ്ഞാനത്തിലും പുരുഷന്മാരെക്കാൾ മുമ്പിൽ നിന്നു എന്ന കുറ്റത്താൽ വ്യഭിചാരകുറ്റം ഏറ്റുവാങ്ങേണ്ടി വന്നതിൽ മനം നൊന്ത് ആത്മഹത്യചെയ്ത ബ്രാഹ്മണ കന്യകയാണ് മുച്ചിലോട്ട് ഭാഗവതിയായി പുനരവതരിച്ചത്. കടിഞ്ഞിപള്ളി തറവാട്ടിലെ മുടന്തിയായ കന്യക കുളത്തിൽ ദുർമ്മരണം സംഭവിച്ച് തെയ്യമായി മാറിയതാണ് കേളൻകുളങ്ങര ഭഗവതി. ഇങ്ങനെ മരണത്തിനുശേഷം ദൈവായി മാറിയവരാണ് മാക്കം ഭഗവതി, മനയിൽ പോതി, ഉമ്മച്ചിഭഗവതി, വണ്ണാത്തിഭഗവതി, തോട്ടുങ്കര ഭഗവതി, ഇല്ലത്തമ്മ, കാപ്പാളാത്തിപ്പോതി, ശ്രീകണ്ഠൻ, കോലാച്ചൻ, കുഞ്ഞിക്കോരൻ, ആലന്തട്ടകാരണോൻ തുടങ്ങിയവർ.

### 1.5.3 വീരചരമം പ്രാപിച്ചവരും മണ്മറഞ്ഞ പൂർവ്വികരും:

ധീരോദാത്തന്മാരും അസാമാന്യകഴിവും ഉള്ളവരാണ് മരണാനന്തരം തെയ്യങ്ങളായി മാറിയ മറ്റുചിലർ. കുടകപടയുമായി പടവെട്ടി വീരചരമം പ്രാപിച്ച മാങ്ങാട്ടു മന്ദപ്പനാണ് കതിവന്നൂർവീരനായി മാറിയത്. കുറുമ്പ്രാന്തിരി വാണവരുടെ പൈക്കിടാങ്ങളെ വകവരുത്തിയ പുലികളെ ഇല്ലാതാക്കാനിരങ്ങി അവരാൾ കൊല ചെയ്യപ്പെട്ട തെയ്യമാണ് കരിന്തിരി നായർ. ചേരമാൻ പെരുമാളിന്റെ പടനായകനായ പടമലനായരുടെ തെയ്യമാണ് കരുവഞ്ചാൽ തെയ്യം. ഇങ്ങനെ കണ്ടനാർ കേളൻ, കണ്ണമ്മാൻ, മരുതിയോടൻ കുരിക്കൾ, പെരുമ്പുഴ അച്ഛൻ, മായ്യത്ത് വീരൻ, മുക്രിപോക്കർ, മുന്നായരീശ്വരൻ, പാലന്തായി കണ്ണൻ, വിഷകണ്ടൻ, കോരച്ഛൻ, പാടാർകുളങ്ങര വീരൻ, ആലിതെയ്യം, പടവീരൻ, കൊറഗത്തനിയൻ, കല്ലുരുട്ടി, ബപ്പൂരിയൻ, കോടിചെന്നയ്യ തുടങ്ങിയ തെയ്യങ്ങളൊക്കെ ഈ ഗണത്തിൽപ്പെടുന്നവയാണ്.

**1.5.4 മൃഗരൂപികൾ :**

മൃഗസങ്കൽപത്തിലുള്ള തെയ്യങ്ങളും ഉത്തര കേരളത്തിലങ്ങിങ്ങായി കാണുവാൻ സാധിക്കും. പുലിദൈവങ്ങൾ എന്ന പേരിൽ പൊതുവെ വിളിക്കപ്പെടുന്ന പുലിയൂരുകാളി, പുള്ളിക്കരിങ്കാളി, പുലിയൂരു കണ്ണൻ, കണ്ടപ്പുലി, മാരപ്പുലി, കാളപ്പുലി, പുലിക്കണ്ടൻ എന്നീ തെയ്യങ്ങളെല്ലാം ശിവാംശം പൂണ്ട പുലിരൂപമെടുത്ത ദേവതകളാണ്. കോലത്തുനാട്ടിൽ ഹനുമാൻ സങ്കല്പത്തിൽ കെട്ടിയാടുന്ന ഒരു തെയ്യമാണ് ബപ്പിരിയൻ അല്ലെങ്കിൽ ബപ്പൂരാൻ. മാവിലന്മാർ കെട്ടിയാടുന്ന വരാഹസങ്കല്പത്തിലുള്ള തെയ്യമാണ് മനിപ്പന തെയ്യം. മലയരും മാവിലരും കെട്ടിയാടുന്ന പഞ്ചുരുളി എന്ന തെയ്യം വരാഹി സങ്കൽപത്തിലുള്ളതാണ്. ചാമുണ്ഡി തെയ്യങ്ങളായ മടയിൽ ചാമുണ്ഡി, കുണ്ടോറചാമുണ്ഡി, കരിമണൽ ചാമുണ്ഡി, വിഷ്ണുമൂർത്തി (ചാമുണ്ഡി) എന്നിവയൊക്കെ ഉറഞ്ഞാട്ടത്തിന്റെ ഒരു ഘട്ടത്തിൽ പന്നി മുഖം വച്ച് ആടുക പതിവാണ്. അള്ളടനാട്ടിലും തുളുനാട്ടിലും ആരാധിക്കപ്പെടുന്ന മൃഗരൂപമാർന്ന മറ്റൊരു തെയ്യമാണ് കുതിരചാമുണ്ഡി അഥവാ കുതിരക്കാളി.മൃഗരൂപമാർന്ന തെയ്യങ്ങൾക്കെല്ലാം അതതു മൃഗത്തിന്റെ ഭാവഹാവാദികൾ ഉൾച്ചേർന്ന മുഖത്തെഴുത്തും ആടയഭരണങ്ങളുമാണ് ഉള്ളത്. ബാലിക്കും പുലിദൈവങ്ങൾക്കും വിഷ്ണുമൂർത്തിക്കും തണ്ടവാൽ എന്ന വിശേഷമായ ചമയം കാണാം. വാലുള്ള മൃഗം എന്ന സങ്കല്പമാണിത്. ചെറുചലനങ്ങളിലും കലാംശത്തിലും എല്ലാം മൃഗരീതി ഇവരിൽ പ്രകടമായിരിക്കും.

**1.5.5 ഉർവ്വരദേവതകൾ :**

കാർഷിക വൃത്തി മാത്രം ജീവിതോപാധിയായി കണ്ട് ജീവിച്ചിരുന്ന ഒരു സമൂഹം കൃഷിയെ ദൈവികമായ ഒരു ജീവിതചര്യയായി അനുഷ്ഠിച്ചിരുന്നു. കൃഷിയിൽ മേന്മ ഉണ്ടാകുന്നതിനായി അവർ ചില ദേവതകളെ ആരാധിച്ചിരുന്നു. ഈ ദേവതകളാണ് ഉർവ്വരദേവതകൾ. ഇവരിൽ കൃഷി സംരക്ഷകരും കന്നുകാലി സംരക്ഷകരും ഉൾപ്പെടുന്നു. പുനം കൃഷിയുടെ പൂർവ്വപിതാക്കൾ എന്ന്

വിശേഷിപ്പിക്കപ്പെടുന്ന മാവിലരും വയൽകൃഷിയുടെ വിധിതാക്കളായി പരിഗണിച്ചുപോരുന്ന പുലയരുമാണ് ഉർവ്വരദേവതാ സഞ്ചയത്തിലെ ഏറിയകൂറും തെയ്യങ്ങളെ കെട്ടിയാടുന്നത്.[5] വേലന്മാർ കെട്ടിയാടുന്ന തൊരക്കാരത്തി തെയ്യം ഒരു കാർഷിക ദേവതയാണ്. ശിവാംശമായി സങ്കൽപ്പിക്കപ്പെടുന്ന തൊരക്കാരത്തിക്ക് കുണ്ഡോറചാമുണ്ഡിയുടെ സഖീസങ്കൽപ്പവുമുണ്ട്. കർക്കിടകപ്പേമാരിയോടൊപ്പം കുടിയേറി നിൽക്കുന്ന ദുർദേവതകളെ എല്ലാം ഒഴിപ്പിച്ച് ഗൃഹത്തിൽ ധനധാന്യസമൃദ്ധി പൊഴിയിക്കുന്ന തെയ്യമാണ് പാണന്മാരും മുന്നൂറ്റാന്മാരും കെട്ടിയാടുന്ന കാലൻ തെയ്യം.

**1.5.6 നാഗദേവതകൾ:**

ആദ്യകാലങ്ങളിൽ ഓരോ തെയ്യക്കാവിനോടനുബന്ധിച്ചും നാഗക്കാവുകൾ ഉണ്ടായിരുന്നു. നാഗസങ്കല്പത്തിലുള്ള തെയ്യങ്ങളെ കെട്ടിയാ ടിക്കുന്നതും നാഗപ്രീതിക്കായുള്ള ആയില്യം നാൾ പൂജ കഴിക്കുന്നതും ഇവിടെ സാധാരണമാണ്. നാഗമുദ്രാംഗിതമായ ചമയത്തിരുമുടികളോടെ ഉറഞ്ഞാടുന്ന നാഗ ദൈവങ്ങൾക്ക് സന്താനഭാഗ്യത്തിനായി പുതുക്കലത്തിൽ ഉണക്കലരി നൽകുന്നതും നാഗ കോപത്തിനും നാഗോപാദ്രവത്തിനും പ്രതിവിധിയായി നേർച്ചകൾ നൽകുന്നതും പതിവാണ്. തെയ്യച്ചമയങ്ങളിൽ നാഗമുദ്ര സർവ്വസാധാരണമാണ്[6]. നാഗരാജാവ്, നാഗകന്നി, നാഗപോതി തുടങ്ങിയ തെയ്യങ്ങളാണ് നാഗതെയ്യങ്ങളിൽ പ്രധാനം. ഇത്തരം തെയ്യങ്ങൾ അധികവും കേന്ദ്രീകരിച്ചിരിക്കുന്നത് കണ്ണൂർ ജില്ലയാണ്.

**1.5.7 കന്യകമാരായ ദേവതകൾ:**

കേരളത്തിൽ പണ്ടുമുതൽക്കേ കന്യകാരാധനയ്ക്ക് പ്രാധാന്യം നൽകിയിരുന്നു. അമ്മദൈവങ്ങളുടെ അതേ പ്രാധാന്യം ഈ തെയ്യങ്ങൾക്കുമുണ്ട്. പഞ്ചുരുളിത്തെയ്യം, മുച്ചിലോട്ട്ഭഗവതി, നാഗകന്നി, കന്നിമാണി തുടങ്ങിയ തെയ്യങ്ങൾ കന്യകമാരാണ്. കന്യകാസങ്കൽപ്പം നിലനിർത്താനാണ് മുച്ചിലോട്ടുഭഗവതി

താലികെട്ടാൻ തുടങ്ങുമ്പോൾ 'അന്തിതിരിയനു വാലായ്മ'എന്നു വിളിച്ചു പറഞ്ഞ് ചടങ്ങു മുടക്കുന്നത്.[7] കണ്ണമംഗലം ഭഗവതി, പുന്നക്കാൽ ഭഗവതി, വേങ്ങാക്കോട്ടുഭഗവതി, ആയിറ്റി ഭഗവതി, പൂമാല ഭഗവതി എന്നീ തെയ്യങ്ങളും കന്യകമാരായ തെയ്യങ്ങളുടെ കൂട്ടത്തിൽപ്പെടുന്നവയാണ്.

**1.5.8 ബാധോച്ചോടന മൂർത്തികൾ:**

സവിശേഷമായ ആട്ടക്രമങ്ങളും വേഷഭൂഷാദികളുമുള്ള തെയ്യങ്ങളാണ് ബോധോച്ചോടന മൂർത്തികൾ. വീടുകൾതോറും ബാധയകറ്റാനെത്തുന്ന ആടി, വേടൻ, കാലൻ, മറുത, ഗളിഞ്ചൻ തെയ്യം, കളിയാട്ടമൂർത്തികൾ കൂടാതെ കരുകലക്കി, പിള്ളതീനി, കല്ലുരുട്ടി, ഉച്ചാടന കോലങ്ങളായ കുറുന്തിനിപ്പോതി, ബാലഗന്ധർവ്വൻ,മാരണഗുളികൻ,മാരണപ്പൊട്ടൻ തുടങ്ങിയ കോലങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു

**1.5.9 മാപ്പിളത്തെയ്യങ്ങൾ:**

കോലത്തുനാട്ടിലെ അനുഷ്ഠാനമായ തെയ്യത്തിന്റെ സവിശേഷമായ ഏടാണ് മാപ്പിളത്തെയ്യങ്ങൾ. കാവുകളിലും ക്ഷേത്രങ്ങളിലും ഭക്ത്യാദരപൂർവ്വം നടത്തുന്ന തെയ്യക്കളിയാട്ടങ്ങളിൽ മാപ്പിളത്തെയ്യങ്ങൾ സംസ്കാര സമന്വയത്തിന്റെ പുതിയ പാഠം തീർക്കുന്നു. വണ്ണാൻ വിഭാഗം കെട്ടിയാടുന്ന ആലിത്തെയ്യം, മാവില സമുദായം കെട്ടിയാടുന്ന കലന്തൻ മുക്രി തെയ്യം, അള്ളട രാജവംശത്തിന്റെ ഉമ്മച്ചിത്തെയ്യം, വണ്ണാന്മാർ കെട്ടിയാടുന്ന എട്ടിക്കുളത്ത് നെയ്ത്തിയാർ, പ്രഗത്ഭയായ വിഷചികിത്സകയായിരുന്നു മരണപ്പെട്ട ശേഷം നാട്ടുകാർ തെയ്യക്കോലമായി കെട്ടിയടിക്കപ്പെട്ട ബീവി ത്തെയ്യവും, ബപ്പൂരിയൻ തെയ്യവും ഒക്കെ ഈ വിഭാഗത്തിൽപ്പെടുന്നവയാണ്.

**1.5.10 ചങ്ങാതിക്കൂട്ടം:**

ചില തെയ്യങ്ങൾ ചങ്ങാതികളാണെന്നാണ് സങ്കല്പം. അത്തരം തെയ്യങ്ങൾ ഒരുമിച്ചാണ് അരങ്ങിലിറിങ്ങുന്നതും ആട്ടം അവസാനിപ്പിക്കുന്നതും. വേട്ടയ്ക്കൊരുമകനും ഊർപ്പഴശ്ശിയും, വിഷ്ണുമൂർത്തിയും സഖിയായി രക്തചാമുണ്ഡിയും, മൂത്ത ഭഗവതിയും ഇളയ ഭഗവതിയും,മുച്ചിലോട്ട് ഭഗവതിയും കണ്ണങ്കാട്ട് ഭഗവതിയും ഒക്കെ ഈ ഗണത്തിൽപ്പെടുന്നു.

**1.5.11 ഗ്രാമദൈവങ്ങൾ:**

ഉത്തരകേരളത്തിലെ മിക്ക ഗ്രാമങ്ങളിലും 'അമ്മദൈവങ്ങൾ' ആരാധിക്കപ്പെടുന്നുണ്ട്. തറവാടുകളുടെ കുലദേവതയായും ഗ്രാമത്തിനുമുഴുവൻ അമ്മദൈവമായും അനേകം ഭാഗവതിമാരുണ്ട്. നരമ്പിൽ ഭഗവതി, ചെക്കിപ്പാറ ഭഗവതി,പഴച്ചിയിൽ ഭഗവതി, പയറ്റ്യാൽ ഭഗവതി, പാടാർകുളങ്ങര ഭഗവതി, ചട്ടിയൂർ ഭഗവതി,കാവുമ്പായി ഭഗവതി,കമ്മാടത്തു ഭഗവതി, ചെറളത്ത് ഭഗവതി തുടങ്ങി ഗ്രാമദൈവങ്ങൾ അനവധിയാണ്.

**1.5.12 യുദ്ധദേവതകൾ:**

അവതാരലക്ഷ്യവും ആരാധനയ്ക്ക് ഇടം നേടാനിടയായ സങ്കല്പവും മുൻനിർത്തി ഒരു വിഭാഗം തെയ്യങ്ങളെ യുദ്ധദേവതമാർ എന്നു വിളിക്കുന്നു. മടയിൽ ചാമുണ്ഡി, രക്തചാമുണ്ഡി, കല്ലക്കര ചാമുണ്ഡി, പടകാളി, നരമ്പിൽ ഭഗവതി, വീര ചാമുണ്ഡി,ഉതിരക്കാളി, അങ്കക്കുളങ്ങര ഭഗവതി, കക്കര ഭഗവതി, പുതിയ ഭഗവതി, രക്തേശ്വരി, തുടങ്ങിയ ദേവതകൾ എല്ലാം യുദ്ധ ദേവതകളാണ്.

**1.5.13 രോഗദേവതകൾ:**

വളരെ പ്രാക്തനമായതാണ് രോഗദേവതാ സങ്കൽപ്പം. ഈ സങ്കൽപ്പം തെയ്യാട്ടത്തിൽ ഇന്നും നിലനിൽക്കുന്നുണ്ട്. ചില ദേവതകൾ രോഗം

വിതയ്ക്കുന്നവരുടെ കൂട്ടത്തിലും ചില ദേവതകൾ രോഗശാന്തി വരുത്തുന്നവരുടെ കൂട്ടത്തിലും ആണ്. ശിവന്റെ തൃക്കണ്ണിൽ നിന്ന് ഉത്ഭവിച്ച ചീറുമ്പന്മാർ (മൂത്തഭഗവതി, ഇളയ ഭഗവതി) മാരി വിതയ്ക്കുന്നവരാണെന്ന് സങ്കല്പം.[8] വസൂരിമാല മറ്റൊരു രോഗ ദേവതയാണ്. രോഗശമനം നല്കുന്ന തെയ്യമാണ് പുതിയഭഗവതി. ശരീരത്തിൽ ചൊറിഞ്ഞുണ്ടാകുന്ന രോഗങ്ങൾക്കുള്ള ദേവതാസങ്കല്പമാണ് തൂവുക്കാളിയും തൂവക്കാരനും.

**1.5.14 മന്ത്രമൂർത്തികൾ**

മന്ത്രവാദ കർമ്മങ്ങൾ അനുഷ്ഠിക്കുന്ന മന്ത്രവാദികളും മറ്റും കുടിവച്ചാരാധിക്കുന്ന ദേവതകളാണ് മന്ത്രമൂർത്തികൾ. ഇതര തെയ്യങ്ങളിൽ നിന്നും വ്യത്യസ്തമായി സവിശേഷമായ അനുഷ്ഠാനചര്യങ്ങൾ ഈ തെയ്യങ്ങൾക്ക് കാണാം. പൊട്ടൻ, ഗുളികൻ കുറത്തി, കുട്ടിച്ചാത്തൻ ഉച്ചിട്ട, ഭൈരവൻ തുടങ്ങിയവ. കാവുകളിൽ കെട്ടിയാടിക്കുന്ന മന്ത്രമൂർത്തികളാണ്. ഇവയിൽ പൊട്ടൻ, ഗുളികൻ,ഭൈരവൻ, കുട്ടിച്ചാത്തൻ, ഉച്ചിട്ട എന്നീ ദേവതകളെ പഞ്ചമൂർത്തികൾ എന്ന് പൊതുവെ പറയാറുണ്ട്. ഉച്ചാടന കർമ്മമായ ഉച്ചേലി യുമായി ബന്ധപ്പെട്ട് കാവിൽ മുറ്റത്തും തറവാട്ടു മുറ്റത്തും മലയർ കെട്ടിയാടുന്ന തെയ്യമാണ് ഉച്ചേലി തെയ്യം.[9] മുപ്പത്തൈവര് കുറ്റിപരദേവതമാർ എന്ന ആദ്യകാല തെയ്യക്കണക്കിൽ ഉൾപ്പെടുന്ന മന്ത്ര മൂർത്തിയായ തെയ്യമാണ് ഉച്ചിട്ട. മലയ സമുദായം കെട്ടിയാടുന്ന ഈ തെയ്യം സുഖപ്രസവകാരിണിയായാണ് ആരാധിക്കപ്പെടുന്നത്. പുലയരുടെ തെയ്യമായ കരുവാൾ തെയ്യം ഗർഭാലസ്യമുണ്ടാക്കുന്ന മന്ത്രമൂർത്തികളിൽപെട്ട ദേവതയാണ്.

**1.5.15 നായാട്ടുമൂർത്തികൾ/ നായാട്ടുതെയ്യങ്ങൾ:**

പ്രാചീന മനുഷ്യരുടെ ആദ്യകാല ജീവിതോപാധിയായിരുന്നു നായാട്ട്. ഈ നായാട്ടെന്ന പ്രാചീന മനുഷ്യന്റെ വിശ്വാസപ്രമാണങ്ങൾ വിളിച്ചോതുന്ന ചില തെയ്യങ്ങളുണ്ട്. വയനാട്ടുകുലവൻ, മുത്തപ്പൻ, വേട്ടയ്ക്കൊരുമകൻ, വിഷ്ണുമൂർത്തി,

**AKSHARASURYA**
Peer-Reviewed, Multi Lingual E-Journal
Volume – 01, Issue – 03, December 2022.

കണ്ടനാർകേളൻ ഊർപ്പഴശ്ശി, വീരഭദ്രൻ തുടങ്ങിയ തെയ്യങ്ങൾ ഒക്കെ ഈ ഗണത്തിൽ പെടുന്നു. ശിവാംശംമായി കരുതപ്പെടുന്ന വയനാട്ടുകുലവൻ തെയ്യത്തിന് നായാട്ട് ഇന്നും മുഖ്യ ചടങ്ങാണ്. മുതിർന്നവർ കാട്ടിലെത്തി നായാടി മൃഗങ്ങളെ കൊണ്ടുവന്നു തെയ്യത്തിന് കാഴ്ച്ചവെക്കും. കണ്ടനാർ കേളൻ തെയ്യം മാംസം പകുത്തു കൊടുക്കും. 'ബപ്പിടൽ ' ചടങ്ങ് എന്നാണ് ഇതറിയപ്പെടുന്നത്. ഊർപ്പഴശ്ശി തെയ്യത്തിലെ സങ്കല്പത്തിൽ കെട്ടിയാടുന്ന ഒരു നായാട്ടു ദേവതയാണ് പുതിച്ചോൻ തെയ്യം. വൈഷ്ണവസങ്കല്പം പിൽക്കാലത്ത് ചാർത്തിക്കൊടുത്ത ഒരു നായാട്ടു ദേവനാണ് വിഷ്ണുമൂർത്തി എന്ന പരദേവത.

**1.5.16 വനദൈവങ്ങൾ:**

ഉത്തര കേരളീയന്റെ ആരാധനപാത്രങ്ങളായി അനേകം വനദൈവങ്ങളുണ്ട്. നായാട്ടു ദേവതകളിൽ മിക്കതും ഈ വിഭാഗത്തിൽ പെടുന്നവയാണ്. കല്ലുരുട്ടി, കരിമുരിക്കൻ, കാട്ടുമൂർത്തി, കരുവാൾ, കരുവോൻ തെയ്യം, മലാപ്പിൽ ഭഗവതി, പുള്ളിപ്പോതി, മടയിൽ ഭഗവതി എന്നിവയൊക്കെ ഈ വിഭാഗമാണ്. കല്ലുരുട്ടി വേലരും, മലയരും, മാവിലരും കെട്ടിയാടുന്ന ഒരു തെയ്യമാണ്. അയ്യൻതെയ്യത്തോട് കൂട്ടുകൂടി നായാട്ടിനു പോയ കല്ലുരുട്ടിക്ക് വനദേവത പരിവേഷവുമുണ്ട്. മുന്നൂറ്റാന്മാർ കെട്ടിയാടുന്ന കോലമായ മലക്കാളി ഒരു വനദേവതയാണ്. മാവില സമുദായം കെട്ടിയാടുന്ന ഉഗ്രവനമൂർത്തിയാണ് കാട്ടുമൂർത്തി.

**1.5.17 മരക്കല ദേവതകൾ:**

പണ്ട് നിലവിലുണ്ടായിരുന്ന ഒരുതരം പായക്കപ്പലുകളായിരുന്നു മരക്കലം. മരക്കലത്തിലേറി അന്യദേശങ്ങളിൽ നിന്ന് മലയാളക്കരയിൽ വന്നുചേർന്നവരെന്നോ, മരക്കരലത്തിലേറി വിളയാടിയവരെന്നോ സങ്കല്പിക്കപ്പെടുന്ന ദേവതകളാണ് മരക്കല ദേവതകൾ. ആര്യക്കര ഭഗവതി, ആര്യപ്പൂമാരുതൻ, മരക്കലത്തമ്മ

(ശൂലകൂഠാരിയമ്മ), ചുഴലി ഭഗവതി, കാവുമ്പയി ഭഗവതി, ബപ്പിരിയൻ എന്നിവരൊക്കെ ഈ വിഭാഗത്തിൽപ്പെടുന്നു. ആര്യപ്പൂമാല, അന്നപൂർണേശ്വരിയമ്മ (ചെകുന്നത്തമ്മ) എന്നീ ദേവതകൾ മരക്കലം വഴി വന്നവർ ആണെങ്കിലും ഇവയ്ക്കു കെട്ടിക്കോലമില്ല.[10]

**1.6 തെയ്യം:മുഖത്തെഴുത്തും നിറപ്രാധാന്യവും**

നിറങ്ങൾക്ക് തെയ്യങ്ങളിൽ വലിയ പ്രാധാന്യമുണ്ട്. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കളാൽ തന്നെയാണ് തെയ്യങ്ങളുടെ മുഖത്തെഴുത്തുകൾക്കും മറ്റുമായി നിറക്കൂട്ടുകൾ നിർമ്മിക്കുന്നതും.ഭരതന്റെ നാട്യശാസ്ത്രം പരിശോധിച്ചാൽ ഓരോ രസങ്ങൾക്കും വിവിധ നിറങ്ങൾ നൽകിയിട്ടുള്ളതായി കാണാം.ശൃംഗാരത്തിന് പച്ചയും, ഹാസ്യത്തിന് വെള്ളയും കരുണത്തിന് തവിട്ട് നിറവും, രൗദ്രത്തിന് ചുവപ്പും, വീരത്തിന് സ്വർണനിറവും ഭയാനകത്തിനു കറുപ്പും,ബീഭത്സത്തിനു നീലയുമാണ് നിറങ്ങളായി നൽകിയിട്ടുള്ളത്. നിറങ്ങളെ ഒരു ഭാഷയായി പരിഗണിച്ച് ആശയവിനിമയത്തിനായി ഉപയോഗപ്പെടുത്തുന്നു എന്നതാണ് തെയ്യ മുഖത്തെഴുത്തിലെ ഏറ്റവും വലിയ പ്രത്യേകത. ചുവപ്പ്, കറുപ്പ്, വെള്ള, മഞ്ഞ, തുടങ്ങിയ നിറങ്ങളാണ് പ്രധാനമായും തെയ്യങ്ങളിൽ മുഖത്തെഴുത്തിനും മറ്റും ഉപയോഗിക്കുന്നത്. ദേവതകളുടെ സങ്കല്പം, സ്വഭാവം,ചൈതന്യം ഇവ വ്യക്തമായി പ്രകടിപ്പിക്കുകയാണ് ഇത്തരം മുഖത്തെഴുത്തുകൾ. തെയ്യം നിലനിൽക്കുന്നതായ കോലത്തുനാട്ടിൽ കടുംനിറമായ ചുവപ്പ് കടുത്ത വികാരപ്രകടനങ്ങൾക്കുള്ള അടയാളമായാണ് ഉപയോഗിച്ചുപോരുന്നത്. സംഘർഷത്തിന്റെയും ക്രോധത്തിന്റെയും രൗദ്രത്തിന്റെയുമൊക്കെ അടയാളം കൂടിയായി ചുവപ്പ് ഉപയോഗിക്കപെടുന്നു. പൗരസ്ത്യ സംസ്കാരങ്ങളിൽ എന്നപോലെ ഇവിടെയും ചുവപ്പ് ഐശ്വര്യത്തെയും സന്തോഷത്തെയും ധ്വനിപ്പിക്കാറുണ്ട്. ചായില്യമാണ് അധികവും ചുവന്ന നിറത്തിനായി ഉപയോഗിക്കാറ്.

മഞ്ഞയാണ് തെയ്യങ്ങളിൽ കൂടുതലായി ഉപയോഗിക്കുന്ന മറ്റൊരു നിറം. ഇരുണ്ട വെളിച്ചത്തിൽ പോലും ശോഭയോടെ കാണുവാൻ സാധിക്കുന്നു എന്നതാണ് ഈ നിറത്തിന്റെ പ്രത്യേകത. ഈ ശാസ്ത്രീയതത്വം തെയ്യകൂട്ടായ്മ മനസ്സിലാക്കി ഉപയോഗപ്പെടുത്തിയിരുന്നു. പല പൗരസ്ത്യ നാടുകളിലും വിജയത്തിന്റെയും തുടർന്നുള്ള ആഹ്ലാദപ്രകടനത്തിന്റെയും നിറപകർച്ച കൂടിയാണ് ഈ നിറം. മഞ്ഞനിറം തെയ്യത്തിന്റെ മറ്റനുഷ്ഠാങ്ങളിൽ കൂടി ഉപയോഗപെടുത്താറുണ്ട്. ചുവപ്പിനോട് സർഗ്ഗാത്മകമായി ചേർന്നുനിൽക്കുന്ന ഗുണ സവിശേഷത കൂടി ഈ നിറത്തിനുണ്ട്. മനയോല, മഞ്ഞൾപ്പൊടി മുതലായവയാണ് മഞ്ഞ നിറത്തിനായി സാധാരണ ഉപയോഗിക്കാറ്. ചുവപ്പും മഞ്ഞയും കലർന്ന ഓറഞ്ച് നിറവും വ്യാപകമായി തെയ്യത്തിന്റെ മുഖത്തെഴുത്തു കൾക്കായി ഉപയോഗിക്കാറുണ്ട് വിളക്കിലെ തിരി കത്തിച്ചു കരിയെടുത്തു നിർമിക്കുന്ന കറുപ്പ് നിറം അധികമായി കണ്ണിനു ചുറ്റും വരയ്ക്കാനാണ് ഉപയോഗിക്കാറ്. ചില തെയ്യങ്ങളിൽ പൂർണമായി മുഖത്തു തേക്കാറുമുണ്ട്. നിഗൂഢതയെ ധ്വനിപ്പിക്കുന്നു എന്നതാണ് ഈ നിറത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. മാത്രമല്ല, ഈ നിറം കാഴ്ചക്കാരനിൽ ഒരു ഭയം ജനിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു നിറമായ വെളുപ്പ് ഭൂതപ്രേതങ്ങളുടെ പ്രതിരൂപമായ തെയ്യകോലങ്ങളുടെ മെയ്യെഴുത്തിനും മുഖചമയങ്ങളിലുമാണ് ഉപയോഗിക്കുന്നത്. അരിച്ചാന്ത്, കരി, മഞ്ഞൾ,ചുണ്ണാമ്പ് തുടങ്ങിയ വസ്തുക്കൾ മാത്രമാണ് വേലൻ സമുദായത്തിൽ പെട്ടവർ കെട്ടിയാടുന്ന തെയ്യത്തിന്റെ മുഖത്തെഴുത്തുകൾക്ക് ഉപയോഗിക്കുന്നത്. എന്നാൽ മലയാവിഭാഗത്തിലേക്ക് എത്തുമ്പോൾ വില കൂടിയ ചായില്യം, മനയോല മുതലായവ ഉപയോഗിക്കുന്നതായി കാണാം

AKSHARASURYA
Peer-Reviewed, Multi Lingual E-Journal
Volume – 01, Issue – 03, December 2022.

## കുറിപ്പുകൾ

1. ഡോ.എം.വി.വിഷ്ണു നമ്പൂതിരി, 'തെയ്യം' .കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.ഒന്നാം പതിപ്പ്, മാർച്ച് 1998, പുറം: 78
2. ഡോ.എം.വി.വിഷ്ണു നമ്പൂതിരി, 'തെയ്യം'.കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, ഒന്നാം പതിപ്പ്, മാർച്ച് 1998 പുറം: 80
3. ഡോ.എം.വി.വിഷ്ണു നമ്പൂതിരി, 'തെയ്യം'കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. ഒന്നാം പതിപ്പ്. മാർച്ച് 1998, പുറം: 48
4. ഡോ. എം.വി.വിഷ്ണു നമ്പൂതിരി, 'തെയ്യം' കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. ഒന്നാം പതിപ്പ്. മാർച്ച് 1998, പുറം:41
5. ഡോ. ആർ.സി.കരിപ്പത്ത്, 'തെയ്യപ്രപഞ്ചം'-കൈരളി ബുക്ക്സ്,2012, പുറം:82
6. ഡോ.ആർ.സി.കരിപ്പത്ത്, 'തെയ്യപ്രപഞ്ചം'-കൈരളി ബുക്ക്സ്,2012 പുറം :56
7. ഡോ.ആർ.സി.കരിപ്പത്ത്, 'തെയ്യപ്രപഞ്ചം'-കൈരളി ബുക്ക്സ്,2012 പുറം: 57
8. ഡോ.എം.വി.വിഷ്ണു നമ്പൂതിരി, 'തെയ്യം'- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,ഒന്നാം പതിപ്പ്,മാർച്ച് 1998 ,പുറം :44
9. ഡോ.ആർ.സി.കരിപ്പത്ത്, 'തെയ്യ പ്രപഞ്ചം'- കൈരളി ബുക്ക്സ്,2012, പുറം:74
10. ഡോ. എം.വി.വിഷ്ണു നമ്പൂതിരി, 'തെയ്യം'.കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ഒന്നാം പതിപ്പ്, മാർച്ച്, 1998, പുറം:46